# കേരള ഗവർണർമാർ

1. 1956 നവംബർ 1-ന് കേരളസംസ്ഥാനം നിലവിൽ വരുമ്പോൾ ഗവർണറുടെ താത്കാലിക ചുമതല വഹിച്ചതാര്?
2. കേരളത്തിന്റെ ആദ്യത്തെ ഗവർണർ ആരായിരുന്നു?
3. 1956-ൽ കേരള സംസ്ഥാനം രൂപം കൊള്ളുമ്പോൾ ഉണ്ടായിരുന്ന മൂന്നു രാജ്ഭവനുകൾ (ഗവർണറുടെ വസതികൾ) ഏതെല്ലാമായിരുന്നു?
4. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്ത ഗവർണറാര്?
5. കേരളത്തിലെ പ്രഥമ മന്ത്രിസഭയെ 1959 ജൂലായ് 31-ന് രാഷ്ട്രപതി പിരിച്ചുവിട്ടത് ഏതു ഗവർണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്?
6. കേരളത്തിന്റെ രണ്ടാമത്തെ ഗവർണർ ആരായിരുന്നു?
7. കേരള ഗവർണർ പദവി വഹിച്ച ശേഷം ഇന്ത്യൻ ഉപരാഷ്ട്രപതി, രാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലെത്തിയ ഏക വ്യക്തിയാര്?
8. കേരള നിയമസഭ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്താൻ രണ്ടുതവണ ശുപാർശ ചെയ്ത ഗവർണറാര്?
9. കേരളത്തിന്റെ ഗവർണർ സ്ഥാനം രാജിവെച്ച ആദ്യത്തെ വ്യക്തിയാര്?
10. കേരളത്തിന്റെ ഗവർണർ പദവി വഹിച്ചിട്ടുള്ള ഏക മലയാളി ആര്?
11. ഏറ്റവും കൂടുതൽ കാലം കേരളത്തിന്റെ ഗവർണർ പദവി വഹിച്ച വ്യക്തിയാര്?
12. കേരളത്തിന്റെ എത്രാമത്തെ ഗവർണറായിരുന്നു മലയാളിയായ വി. വിശ്വനാഥൻ?
13. കേരളത്തിന്റെ ആദ്യത്തെ വനിതാ ഗവർണർ ആരായിരുന്നു?
14. 1975 മുതൽ 1977 വരെ നീണ്ടു നിന്ന ദേശീയ അടിയന്തരാവസ്ഥ കാലത്ത് കേരളത്തിലെ ഗവർണർ ആരായിരുന്നു?
15. കേരളത്തിലെ ഏറ്റവും കൂടുതൽ മുഖ്യമന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത് ഏതു ഗവർണറുടെ മുന്നിലാണ്?



ബി. രാമകൃഷ്ണ റാവു — ഷീലാ ദീക്ഷിത് — പി.സദാശിവം

16. കേരളത്തിന്റെ ഗവർണറായി ഏറ്റവും കുറച്ചുകാലം സേവനമനുഷ്ഠിച്ചതാര്?
17. കേരളത്തിന്റെ ഗവർണറായ രണ്ടാമത്തെ വനിതയാര്?
18. വിദ്യാഭ്യാസ വിചക്ഷണനും, ഡൽഹി സർവകലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന കേരള ഗവർണറാര്?
19. കേരള ഗവർണറായ ശേഷം ദേശീയ മനുഷ്യാവകാശകമ്മീഷൻ അംഗമായത് ആര്?
20. പദവിയിലിരിക്കെ അന്തരിച്ച കേരളത്തിലെ ആദ്യത്തെ ഗവർണറാര്?
21. കേരളത്തിന്റെ ഗവർണറായ ഏറ്റവും പ്രായംകൂടിയ വ്യക്തിയാര് ?
22. കേരളത്തിന്റെ ഗവർണറായി സേവനമനുഷ്ഠിച്ച പുതുച്ചേരിയുടെ മുൻമുഖ്യമന്ത്രിയാര്?
23. പദവിയിലിരിക്കെ അന്തരിച്ച രണ്ടാമത്തെ കേരള ഗവർണറാര്?
24. കേരളത്തിന്റെ ഗവർണറായി സേവനമനുഷ്ഠിച്ച ഡൽഹി മുൻമുഖ്യമന്ത്രിയാര്?
25. സംസ്ഥാന ഗവർണറായി നിയമിക്കപ്പെട്ട ആദ്യത്തെ മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസാര്?

## ഉത്തരങ്ങൾ

1. പി.എസ്. റാവു (1956 നവംബർ1 മുതൽ നവംബർ 21 വരെ)
2. ബി. രാമകൃഷ്ണ റാവു
3. ഗവൺമെന്റ് ഗസ്റ്റ്ഹൗസ് തിരുവനന്തപുരം, ബോൾഗാട്ടി പാലസ് (എറണാകുളം), ദേവികുളം കൊട്ടാരം (ഇടുക്കി)
4. ബി. രാമകൃഷ്ണ റാവു
5. ബി. രാമകൃഷ്ണ റാവുവിന്റെ
6. വി.വി. ഗിരി (1960 ജൂലായ് 1 മുതൽ 1965 ഏപ്രിൽ 11 വരെ)
7. വി.വി. ഗിരി
8. വി.വി. ഗിരി
9. അജിത് പ്രസാദ് ജെയിൻ
10. വി. വിശ്വനാഥൻ (1967 മെയ് 15 മുതൽ 1973 മാർച്ച് 31 വരെ
11. വി. വിശ്വനാഥൻ
12. അഞ്ചാമത്തെ
13. ജ്യോതി വെങ്കിടാചലം (1977 ഒക്ടോബർ-1982 ഒക്ടോബർ)
14. എൻ.എൻ. വാഞ്ചൂ
15. ജ്യോതി വെങ്കിടാചലം
16. എം.ഒ.എച്ച്. ഫറൂഖ്
17. രാം ദുലാരി സിൻഹ
18. സ്വരൂപ് സിങ്
19. സുഖ്ദേവ് സിങ് കാങ്
20. സിക്കന്തർ ഭക്ത് (2004 ഫിബ്രവരി 23)
21. സിക്കന്തർ ഭക്ത്
22. എം.ഒ.എച്ച്. ഫറൂഖ്
23. എം.ഒ.എച്ച്. ഫറൂഖ്
24. ഷീലാ ദീക്ഷിത്
25. പി.സദാശിവം (ഇപ്പോഴത്തെ കേരള ഗവർണർ)